# 'നമ്മിൽ അധിവസിക്കുന്ന ദൈവാത്മാവ്'

## 1 കൊരിന്ത്യർ 2:14

**"എന്നാൽ പ്രാകൃത മനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല; അതു അവന്നു ഭോഷത്വം ആകുന്നു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല."**

കർത്താവായ യേശുക്രിസ്തുവിൽ പ്രത്യാശയർപ്പിച്ച് അവന്നായി വേർതിരിക്കപ്പെട്ടവരായ വിശ്വാസികളിൽ അധിവസിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചാണ് പൗലോസ് കൊരിന്ത്യ സഭയ്ക്കുള്ള ഒന്നാം ലേഖനത്തിൽ ആകമാനം വിവരിക്കുന്നത്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ഏറ്റവും പ്രാധാന്യമായ പ്രവർത്തനം എന്നു പറയുന്നത്, ദൈവവചനത്തെയും അതിന്റെ മർമ്മങ്ങളെയും അവരുടെ ജീവിതത്തിൽ വെളിപ്പെടുത്തിക്കൊടുക്കുകയും, അത് വായിച്ച് പഠിച്ച് ദൈവാനുസരണത്തോടെ അതിൻപ്രകാരം ജീവിതത്തെ ചിട്ടപ്പെടുത്തുവാൻ സഹായിക്കുകയും ചെയ്യുക എന്നുള്ളതാണ്. അതിനാലാണ് കർത്താവിൽ വിശ്വാസമർപ്പിക്കാത്തവന്റെ ജീവിതത്തിൽ ദൈവവചനം ജീവനില്ലാതെ പോകുന്നത്. അതിനെ വായിക്കുവാനും പഠിക്കുവാനും അനുസരിക്കുവാനുമുള്ള പ്രചോദനം അവന് ലഭിക്കാതെ പോകുന്നു. ഈ പ്രചോദനം സാധ്യമാകുന്നതോ അത് പരിശുദ്ധാത്മാവിൽ നിന്നു മാത്രമാണ്. ഒരുപക്ഷെ ദൈവവചനത്തെ ഒരു അവിശ്വാസിക്ക് പകർന്നു കൊടുക്കാൻ നമുക്ക് സാധിച്ചേക്കാം, പക്ഷെ അത് അവനിൽ പ്രകാശിച്ച് ഫലം പുറപ്പെടുവിക്കണമെങ്കിൽ പരിശുദ്ധാത്മ പ്രവർത്തനം നടന്നേ മതിയാവൂ. എന്നാൽ ദൈവത്തിന്റെ ആത്മാവ് ഒരു അവിശ്വാസിയുടെ ഹൃദയത്തിൽ ഒരിക്കലും അധിവസിക്കുന്നില്ല.

ഒരിക്കൽ ഒരു സ്ത്രീയുടെ അടുത്ത് ഒരു സുവിശേഷകൻ വന്ന് നിരന്തരം സുവിശേഷമറിയുക്കുവാൻ തുടങ്ങി. ഈ ലോകമാകമാനമുള്ള ജനതയും പാപത്തിൽ ജനിച്ച് പാപത്തിൽ ജീവിക്കുന്നവരാണെന്നും അവർക്ക് വേണ്ടിയാണ് ക്രിസ്തു എന്ന രക്ഷകൻ ഭൂമിയിൽ വന്നതെന്നുമെല്ലാം അവരെ പറഞ്ഞു മനസ്സിലാക്കാൻ നോക്കി. എന്നാൽ അതെല്ലാം അവർക്ക് വെറും കെട്ടുകഥകളായിട്ടേ തോന്നിയുള്ളൂ. എന്നാൽ ഈ സുവിശേഷകൻ വളരെ വിഷമത്തോടെ തന്റെ ഭവനത്തിൽ കടന്നു ചെന്ന് ഈ സ്ത്രീയ്ക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. അതിനു ശേഷം ഒരവസരത്തിൽ ഇദ്ദേഹം അവരുടെ അടുക്കൽ കടന്നുവന്ന് വീണ്ടും സുവിശേഷം പറയുവാൻ തുടങ്ങി. ആശ്ചര്യം എന്നു പറയണം ഈ സ്ത്രീ വളരെയധികം പശ്ചാത്താപത്തോടു കൂടി ദൈവസന്നിധിയിൽ

കരഞ്ഞ്, ഇത്രയും നാൾ താൻ ചെയ്ത പാപങ്ങൾ ഏറ്റു പറയുകയും ക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും ചെയ്തു. ഇവിടെ അവർക്കുണ്ടായ മാറ്റം വാസ്തവത്തിൽ അവരുടെ ജീവിതത്തോട് ദൈവം ഇടപെട്ടതാണ്. തന്റെ പരിശുദ്ധാത്മാവിനെ പകർന്നു നൽകുക വഴി വിശുദ്ധ വചനത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കുന്നതിനുള്ള പ്രചോദനം അവളിൽ നിക്ഷിപ്തമായ പരിശുദ്ധത്മാവിനാൽ സാധിച്ചു.

പ്രിയരെ ഇന്നു ഈ ലോകത്തിലേക്ക് നോക്കിയാൽ കാണാൻ കഴിയുന്നതും ഇതു തന്നെയാണ്, ദൈവവചനം അതിന്റെ പൂർണ്ണതയിൽ എല്ലാവരിലേക്കും എത്തിക്കൊണ്ടിരിക്കുന്നു. എന്നിരുന്നാലും ചിലർ ദൈവത്തിന്റെ പ്രകാശനം ലഭിച്ച് അവനിലേക്ക് കടന്നു വരുന്നു, എന്നാൽ മറ്റു ചിലർ അതിനെ തള്ളിപ്പറഞ്ഞ്, കളിയാക്കി ഉപേക്ഷിച്ചു കളയുന്നു. അതിലുപരിയായി വിശ്വാസത്തിലിരുന്നവർ പോലും നൈമിഷീകമായ ചില കാര്യങ്ങളുടെ കാര്യപ്രാപ്തിക്കനുസരിച്ച് ദൈവത്തെ തള്ളിപ്പറഞ്ഞ് കടന്നു പോകുന്ന ഒരവസ്ഥയിലാണ്. അവിടെയാണ് നമ്മുടെ കടമ വെളിവാകുന്നത്, ഈ ആത്മാക്കൾക്കെല്ലാം വേണ്ടി പ്രാർത്ഥിക്കുക എന്നത് തന്നെ. നശിച്ചുപോകുന്ന ഈ ജനതയെ തന്റെ രക്ഷയിലേക്ക് നടത്തുവാൻ ദൈവത്തിന്നു കരുണ തോന്നുന്നതിന്നു വേണ്ടി നമുക്ക് നിരന്തരം അവനോടപേക്ഷിക്കാം. ഈ അന്ത്യകാലത്ത് സകല ജഢത്തിന്മേലും ദൈവത്തിന്റെ പരിശുദ്ധാത്മാവ് ആവസിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

1 കൊരിന്ത്യർ 1:18

ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 122